## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2351** **18.02.2016**-ൽ മറുപടിക്ക്

**'ക്യാൻസറും ജീവിതശൈലി രോഗങ്ങളും '**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.റ്റി.യു.കുരുവിള | **ശ്രീ**.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ക്രമാതീതമായ വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനം സർക്കാർ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) | കേരളത്തിലെ ക്യാൻസർ രോഗികളുടെ എണ്ണത്തെക്കുറിച്ച് പഠിക്കുന്നതിനായി കേരള ക്യാൻസർ രജിസ്ട്രി ഗ്രാമീണ തലത്തിൽ 2016 ജനുവരി മുതൽ സർവേ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ കണക്കുകൾ 2016 മാർച്ചിൽ മാത്രമേ ലഭ്യമാകുകയുള്ളൂ |
| ബി) | ജീവിത ശൈലി രോഗങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | ബി) | ജീവിതശൈലിരോഗങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചും വർദ്ധനവിനെക്കുറിച്ചും വിവിധ പഠനങ്ങൾ അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും സംസ്ഥാനതലത്തിലും വിവിധ ഏജൻസികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രധാനപ്പെട്ട കാരണങ്ങളാണ് ജീവിതശൈലി രോഗങ്ങളുടെ പ്രധാന ഹേതുക്കളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.<br>1. അനാരോഗ്യകരമായ ഭക്ഷണ രീതി<br>2. വ്യായാമം ഇല്ലായ്മ<br>3. മദ്യം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി.<br>കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരിൽ ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ച് വരുന്നത് കേരളത്തിലെ ജനങ്ങളിൽ വന്നിട്ടുള്ള ജീവിതശൈലി വ്യതിയാനം മൂലമാണ് |

| | | | |
|---|---|---|---|
| സി) | നിർമാർജനം ചെയ്ത പല രോഗങ്ങളും വീണ്ടും തിരികെ വരികയും പുതിയ രോഗങ്ങളുടെ കടന്നുകയറ്റവും ആരോഗ്യ രംഗത്ത് സമഗ്രമായ മാറ്റവും ജാഗ്രതയും അവശ്യമാണെന്നത് സർക്കാർ ഗൗരവമായി കാണുമോ; വ്യക്തമാക്കുമോ? | സി) | നിർമാർജനം ചെയ്ത രോഗങ്ങൾ തിരിച്ച് വരുന്നതും പുതിയ രോഗങ്ങൾ ഉടലെടുക്കുന്നതും കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. ഇത് ഫലപ്രദമായി നേരിടാൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു . പകർച്ചവ്യാധികൾ, വാക്സിൻ നിയന്ത്രിത രോഗങ്ങൾ എന്നിവ പടരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവിതശൈലിരോഗങ്ങളുടെ വർദ്ധനവ് തടയുന്നതിനായി അമൃതം ആരോഗ്യം എന്ന പേരിൽ ജീവിതശൈലി രോഗനിയന്ത്രണത്തിനുള്ള കർമ്മപരിപാടികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ